# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 770** | **12.12.2012-ൽ മറുപടിക്ക്**

## അവയവദാന ചട്ടങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള അവയവദാന ചട്ടങ്ങൾ അനുസരിച്ച് അവയവദാനം ചെയ്യാൻ ഉദ്ദേശിക്കുന്ന വ്യക്തികൾക്ക് പോലും അവയവദാനം നടത്താൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ നിലവിലുള്ള അവയവദാന ചട്ടങ്ങൾ പരിഷ്കരിയ്ക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ ; എങ്കിൽ ഏതെല്ലാം ചട്ടങ്ങളിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) മരണാനന്തരം അവയവങ്ങൾ ദാനം ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. ജീവിച്ചിരിക്കുന്നവരിൽ നിന്ന് അവയവദാനം നടത്തുമ്പോൾ രക്തബന്ധമില്ലാത്തവർക്കാണ് അത് നൽകുന്നതെങ്കിൽ ഇതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട ഉദ്ദേശശുദ്ധി വിലയിരുത്തുകയും അതിൽ കച്ചവട ഘടകം ഇല്ലെന്ന് ഉറപ്പാക്കാനുമാണ് സമിതിയുടെ അംഗീകാരം നിഷ്കർഷിച്ചിട്ടുള്ളത്. 1994-ൽ കേന്ദ്ര സർക്കാർ പാർലമെന്റിന്റെ ഇരുസഭകളിലും പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994 ഉം തുടർന്ന് രണ്ട് ഭേദഗതികളും കേന്ദ്ര സർക്കാർ തന്നെ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുമാണ് ഇതുസംബന്ധമായി സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ. പാർലമെന്റ് പാസ്സാക്കിയ നിയമമായതിനാൽ ഈ നിയമത്തെ ലഘൂകരിക്കുന്ന രീതിയിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**